ഡിസംബർ 21 ബുധൻ 2022

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 19

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

# ആരവങ്ങളുമായി ബോൺ നതാലെ

**ജോയ്സ് മേരി ജോർജ്**

മനസിൽ നോമ്പിന്റെ പരിശുദ്ധി നിറച്ച് മനുഷ്യനും, മണ്ണിലും മരങ്ങളിലും മഞ്ഞു നി റച്ച് പ്രകൃതിയും, ക്രിസ്തുമസിനായി ഒരുങ്ങിക്കഴിഞ്ഞു. ഇനിയെങ്ങും ബോൺ നതാലെയുടെ ആരവങ്ങൾ. ബോൺ നതാലെ എന്ന ഇറ്റാലിയൻ പദത്തിന് ഹാപ്പി ക്രിസ്തുമസ് എന്നാണർത്ഥം. കുറച്ച് വർഷങ്ങളായി ഈ ഇറ്റാലിയൻ വാക്ക് മലയാളികൾക്കും പ്രിയപ്പെട്ടതായി ക്കഴിഞ്ഞു.

ഇന്ന് ബോൺ നതാലെ ഒരു ക്രിസ്തുമസ് മാമാങ്കമാണ്. വഴി നിറയെ സാന്താക്ലോസുമാർ നൃത്തംചെയ്ത്, ദൈവ പുത്രന്റെ വരവിന്റെ ആനന്ദം പ്രഘോഷിക്കുന്നു, ബോൺ നതാലെ ഫെസ്റ്റിവൽ കേരളത്തിൽ ആദ്യമായി നടന്നത് തൃശൂർ സിറോ മലബാർ കതോലിക്ക രൂപതയുടെ കീഴിലാണ്. ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് തൃശൂർ പൗരസമൂഹവും രൂപതയും ചേർന്ന് സംഘടിപ്പിക്കുന്ന സാംസ്കാരിക്കോത്സവമാണ് ബോൺ നതാലെ , 2013 മുതൽ എല്ലാ വർഷവും തൃശൂർ നഗരപരിസരത്താണ് നടക്കുന്നത്. ഏറ്റവും കൂടുതൽ ആളുകൾ സാന്താക്ലോസിന്റെ വേഷം ധരിച്ച് 2014ൽ ഗിന്നസ് റെക്കോർഡിൽ ഇടം നേടിയിരുന്നു. ആഘോഷത്തോടൊപ്പം തന്നെ ജീവകാരുണ്യഫണ്ട് സ്വരൂപിക്കുക എന്നൊരു ലക്ഷ്യം കൂടി ബോൺ നതാലെക്കുണ്ട്.

അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ ആശയത്തിൽ നിന്ന് രൂപം കൊണ്ട് ബോൺ നതാലെയുടെ ആദ്യപരിപാടിക്ക് കൊടിയേറ്റിയത് മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം ആയിരുന്നു. 2013ൽ 5000 സാന്താക്ലോസുമാരും 2000 മാലാഖമാരുമാണ് നിരചേർന്നത്. ഗിന്നസ് റെക്കോർഡ് നേടിയ 2014ൽ 18,112 പാപ്പമാർ നഗര വേദിയിൽ തിരുപിറവിയുടെ സന്തോഷത്താൽ ആനന്ദനൃത്തമാടി.

ബോൺ നതാലെ ഇനി നമ്മുടെ നാടിന്റെയും സ്വന്തമാണ്. കഴിഞ്ഞ രണ്ടുവർഷമായി തലശ്ശേരി അതിരൂപതയിലെ കെ.സി.വൈ.എം. യുവജന സംഘടനയുടെ നേതൃത്വത്തിൽ ഈ പരിപാടി നടത്തി വരുന്നു. കഴിഞ്ഞ വർഷം ആയിരത്തോളം പാപ്പമാരാണ് നഗരത്തിൽ അണിചേർന്നത്. മലയോര മണ്ണിന്റെ ഈ ക്രിസ്തുമസ് മഹോത്സവത്തിന് വീണ്ടും ഇരിട്ടി വേദിയായി.

# ദി മൂവിങ്ങ് ക്രിബ്

**ജിനി ജോസഫ്**

തിരുപിറവിയുടെ ഓർമ്മ പുതുക്കി വീണ്ടും ഒരു ക്രിസ്തുമസ് വരവായി. മഞ്ഞിന്റെ കുളിരും, നക്ഷത്രങ്ങളുടെ തിളക്കവും പുൽക്കൂടിന്റെ പുതുമയും പാതിരാകുർബാനയുടെ പവിത്രതയുമെല്ലാം ക്രിസ്തുമസിന്റെ മനോഹാരിതക്കൂട്ടുന്നു. തെളിഞ്ഞു നിൽക്കുന്ന നക്ഷത്രങ്ങൾ മാത്രമല്ല പുൽക്കുടിൽ അണിനിരക്കുന്ന ബൈബിൾ കഥാപാത്രങ്ങളും അതിന്റെ ആകർഷണമാണ്. ബൈബിൾ സംഭവങ്ങളെ രൂപങ്ങളായി മാത്രമായിരുന്നു നാം ഇതുവരെ കണ്ടിരുന്നതെങ്കിൽ ഒരു വ്യത്യസ്തത കൈവന്നിരിക്കുന്നു. ദി മൂവിങ്ങ് ക്രിബ് രൂപങ്ങളായി മാത്രം നിന്നിരുവ രൂപങ്ങളായി തന്നെ ചലിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത് സന്ദർശകരെ യഥാർത്ഥ ക്രിസ്തുമസ് അർത്ഥം ആകർഷകമായ രീതിയിൽ മനസിലാക്കാൻ സഹായിക്കുന്നു.

1956-ൽ ഫാദർ ലുയിസ് കോഫിക്ക് ഉണ്ടായ ആശയമാണ് ദി മൂവിങ്ങ് ക്രിബ്. അയർലണ്ടിലെ കുട്ടികൾക്കായി ബൈബിൾ സംഭവങ്ങളെ ജീവനോടെ അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. അങ്ങനെ ഒരുപാട് ചർച്ചകൾക്കുശേഷം ദി മൂവിങ്ങ് ക്രിബ് പിറന്നു. ദി മൂവിങ്ങ് ക്രിബ് ചരിത്രപരവും വിനോദപ്രദവുമായ ഒരു അനുഭവമാണ് നൽകുന്നത് .

ബൈബിൾ സംഭവങ്ങൾ കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു എന്നതാണ് ഈ പ്രദർശനത്തിന്റെ സവിശേഷത. തിരുപിറവി ദൃക്ഷ്യവൽക്കരിക്കുന്ന പുൽക്കൂട് മാത്രമായിരുന്നു ആദ്യം ഉണ്ടായിരുന്നതെങ്കിലും പിന്നീട് ഒരു ലക്ഷത്തിലധികം ആളുകൾ ഈ പുൽക്കൂട് കാണാനെത്തിയതോടെ ക്രിബിൽ വിവിധ ബൈബിൾ സംഭവങ്ങൾ അവതരിപ്പിച്ചു തുടങ്ങുകയായിരുന്നു. ആദ്യ മാതാപിതാക്കളെയും നോഹയുടെ പെട്ടകവും, ഉണ്ണീശോയെ ദേവാലയത്തിൽ കാഴ്ചവെയ്ക്കുന്നതുമായ രംഗങ്ങൾ ഇക്കൂട്ടത്തിലുണ്ട്. ഈ വർഷം നവംബർ 24 മുതൽ ആരംഭിച്ച് ജനുവരി 8 വരെയാണ് ഉണ്ടാവുക.

# ഇരിട്ടിയിൽ പാപ്പാസംഗമം

ഇരിട്ടി: കെ.സി.വൈ.എം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ രണ്ടാമത് ബോൺ നതാലെ ഇരിട്ടി നഗരത്തിൽ ആഘോഷിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് മൂവായിരത്തോളം പാപ്പമാരാണ് അണിചേർന്നത്.

എടൂർ, കുന്നോത്ത്, നെല്ലിക്കാംപോയിൽ പേരാവൂർ ഫൊറോനകളുടെ സഹായത്താൽ കെ.സി.വൈ.എം തലശേരി അതിരൂപത നേതൃത്വം നൽകിയ പരിപാടിയിൽ മാർ ജോസഫ് പാംപ്ലാനി സന്ദേശം നൽകി.

ചെമ്പേരി, ആലക്കോട്, കാസർഗോഡ്, ഇരിട്ടി എന്നീ നാലു റീജിയനുകളിലായി കെ.സി.വൈ.എമ്മും കല്ലറയ്ക്കൽ മഹാറാണി ജ്വല്ലേഴ്സും ചേർന്ന് നടത്തിയ കരോൾ ഗാനമത്സരത്തിന്റെ അതിരൂപത തലത്തിലെ ഫൈനൽ മത്സരം ബോൺ നതാലെയുടെ ഭാഗമായി ഇരിട്ടി സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ നടന്നു.

സെന്റ് ഫുസ്കോ ചർച്ച് പുപ്പറമ്പ്, സെൻ്റ് സെബാസ്റ്റ്യൻസ് ചർച്ച് ചെടിക്കുളം ,ലിറ്റിൽ ഫ്ളവർ ചർച്ച് കരുവഞ്ചാൽ എന്നിവർ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

# വ്യത്യസ്തമായൊരു ക്രിസ്തുമസ് ദൂത്

**ജോയ്സ് മേരി ജോർജ്**

സകലജനതകൾക്കും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയുമായി വീണ്ടുമൊരു ക്രിസ്തുമസ് കൂടി. ഉമ്മറപ്പടിയിൽ നക്ഷത്രവിളക്കുകൾ തെളിഞ്ഞു തുടങ്ങി. മണ്ണിലും വിണ്ണിലും ഇനി ഗ്ളോറിയ ഗീതങ്ങൾ മാറ്റൊലി കൊള്ളും വ്യത്യസ്ഥമായ രീതിയിലാണ് എല്ലാവരും രക്ഷകന്റെ വരവിനെ കാത്തിരിക്കുന്നത് .

ചരൾ സെന്റ്. സെബാസ്റ്റ്യൻസ് ദേവാലയത്തിൽ ഇക്കുറി ക്രിസ്തുമസ് ആഘോഷത്തിന് മാറ്റ് കൂടുകയാണ്. ജാതി മത ഭേദമന്യേ ഇടവക ജനങ്ങളുടെയും മറ്റു വിവിധ ഇടവകകളുടെയും വിദേശത്തുള്ളവരുടെയുമൊക്കെ സഹകരണത്തോടെ, കരൾമാറ്റൽ ശസ്ത്രക്രിയക്ക് വിധേയനാകുന്ന ഒരു രോഗിക്ക് മുപ്പത് ലക്ഷത്തോളം രൂപ ക്രിസ്തുമസ് സമ്മാനമായി സമാഹരിച്ചു നൽകുക എന്നതാണ് ഇപ്രാവശ്യത്തെ ക്രിസ്തുമസ് ആഘോഷങ്ങളിൽ മുഖ്യമായും ഇവർ ലക്ഷ്യം വയ്ക്കുന്നത്. ഡിസംബർ ഒന്ന് മുതൽ പ്രാർത്ഥനാപൂർവ്വം ഈ മഹത്കർമ്മത്തിനായി ഇവർ ഒരുങ്ങിത്തുടങ്ങി. ഇതിനവേണ്ടി ചരൾ പ്രദേശത്ത് ഒരു കമ്മിറ്റി തന്നെ രൂപീകരിച്ചു എന്ന് പറയുമ്പോൾ ഇടവക വികാരി ഫാ.ജെയ്സന്റെ കണ്ണുകളി ൽ ആത്മസംതൃപ്തി യുടെ തിളക്കമുണ്ട്. ഒന്നുമില്ലാത്തവർക്ക് എല്ലാമായി മണ്ണിൽ അവതരിച്ച ദൈവപുത്രന്റെ പ്രതിരൂപമായി മാറുന്ന ഒരു പറ്റം വിശാല മനസ്ക രെയാണ് നാം ഇവിടെ കാണുക. ജാതിയോ മതമോ നോക്കാതെ രാഷ്ട്രീയ താത്പ്പര്യങ്ങൾ പരിഗണിക്കാതെ ചരൾ നിവാസിക ളും സെന്റ്.സെബാസ്റ്റ്യൻ ഇടവക സമൂഹവും മറ്റ് സഹായമനസ്കരുടെ സഹകരണത്തോടെ അണി ചേരുമ്പോൾ അതൊരാൾക്ക് ജീവിതത്തിലേക്ക് തിരിച്ചു വരാൻ വഴിത്തിരിവാകുന്നു.

ഇനിയുമുണ്ട് ഇവർക്ക് ക്രിസ്തുമസ് ആഘോഷങ്ങൾ. ഇടവകയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഡിസംബർ ഇരുപത്തിരണ്ടാം തിയതി മുടിയിരഞ്ഞി സെന്റ്. ജോസഫ് അനാഥാലയത്തിൽ കേക്ക് മുറിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും അവരോടൊപ്പം ക്രിസ്തുമസ് ആനന്ദം പങ്കുവയ്ക്കുകയും ചെയ്യാനുള്ള ഇവരുടെ തീരുമാനത്തിലും ക്രിസ്തുമസിന്റെ യഥാർഥ സന്ദേശം നിറഞ്ഞു നിൽക്കുന്നു. കൂടാതെ കരോൾഗാന മത്സരവും പുൽക്കൂട് നിർമ്മാണവുമൊക്കെയായി ഇവർ രക്ഷകന്റെ പിറവിക്കു വേണ്ടി സന്തോഷപൂർവ്വം കാത്തിരിക്കുകയാണ്.

# അതിജീവനത്തിന്റെ പാതകൾ

**അക്ഷയ് തിലകൻ**

ജീവിതത്തിൽ പലതരത്തിലുള്ള വെല്ലുവിളികൾ ഉണ്ടാകും. അതിനെയെല്ലാം മറികടന്നു മുന്നേറുന്നവർ ജീവിതവിജയം കരസ്ഥമാക്കും. ഇതിനുത്തമ ഉദാഹരണമാണ് വാണിയപ്പാറയിൽ ഫർണിച്ചർ ഷോപ്പ് നടത്തുന്ന ബിജു. തന്റെ ശാരീരിക വൈകല്യത്തെ തോൽപ്പിച്ച് ജീവിതത്തിൽ വിജയിയായി മുന്നോട്ടു പോകുന്ന ബിജു ഒ.എം ന് ക്രിസ്തുമസ് സമയം തിരക്കേറി യതാണ്. മരത്തിൽ നിർമിക്കുന്ന വ്യത്യസ്തമായ പുൽക്കുടുകൾക്ക് ആവശ്യക്കാർ ഏറുമ്പോൾ തിരക്കും കൂടും.

'ജന്മനാതന്നെ കാലുകൾക്ക് സ്വാധീനക്കുറവ് ഉണ്ടെങ്കിലും ആഗ്രഹിക്കുന്നത് മനക്കരുത്തോടെ കൂടി ചെയ്യാൻ സാധിക്കുന്നതാണ് എന്നെ മുന്നോട്ട് നയിക്കുന്നത്. രണ്ടു വർഷമായി പുൽക്കൂടുകൾ ഉണ്ടാക്കി വിൽക്കുന്നു. അങ്ങാടിക്കടവ്, ഇരിട്ടി, ചെമ്പൂർ, സർക്കാർ സ്ഥാപനങ്ങളിൽ പുൽക്കൂട് സ്വന്തം വാഹനത്തിൽ എത്തിച്ചു കൊടുക്കുന്നു. ഇതിത്ര വിജയമാകുമെന്ന് ഒരിക്കലും പ്രതിക്ഷിച്ചതല്ല' ബിജു ചേട്ടന്റെ വാക്കുകളിൽ എന്തും ചെയ്യാനുള്ള മനക്കരുത്ത് പ്രകടമാണ്.

വീട്ടുകാരുടെയും നാട്ടുകാരുടെയും സുഹൃത്തുക്കളുടെയും പിന്തുണയും അദ്ദേഹത്തിന് ഏറെ ബലമായി ജീവിതത്തിൽ കൂടെ നിൽക്കുന്നു. ഭാര്യ ജിഷ, മക്കൾ ആൽഫിയോ, അഡോൾ എന്നിവരോടൊപ്പം വാണിയപ്പാറ ഒഴുകയിൽ വീട്ടിൽ താമസിക്കുന്നു .

**പ്രിയ വായനക്കാർക്ക്**
**ക്രിസ്തുമസ്-പുതുവത്സരാശംസകൾ**



## എഡിറ്റോറിയൽ



### സമാധാനത്തിന്റെ ദിനങ്ങൾ അകലെയാവരുത്

*‘കൂടെയല്ല ജനിക്കുന്ന നേരത്തും .....*
*കൂടെയല്ല മരിക്കുന്ന നേരത്തും .....*
*മദ്ധ്യേ ഇങ്ങനെ കാണുന്ന നേരത്ത്*
*മത്സരത്തിക്കുതെന്തിന് നാം വൃഥാ’*

പരസ്പരമത്സരത്തിന്റെ ലോകത്തിൽ സ്നേഹത്തിന്റെയും കരുണയുടെയും കാലാതീത സന്ദേശം ഓർമ്മിപ്പിച്ചുകൊണ്ട ് മറ്റൊരു ക്രിസ്തുമസ്ക്കൂടി സമാഗതമാവുകയാണ്. ബത്‌ലഹേമിലെ പുൽക്കൂട്ടിൽ മാനവരാശിയുടെ രക്ഷകനായി മേരിയുടെയും ജോസഫിന്റെയും പുത്രനായി ഉണ്ണിയേശു പിറന്നു. ആ തിരുപിറവി സമയത്ത് മുഴങ്ങിക്കേട്ട സ്വർഗീയ സന്ദേശമാണ് അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം എന്നത്. ഓരോ ക്രിസ്മസും പങ്കുവയ്ക്കുന്നതു ഈ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ്. മാനവരാശിക്ക് ഇന്നേറ്റവും ആവശ്യമായതും സമാധാനം തന്നെയാണ്. പരസ്പരം സ്നേഹവും സഹായവും വേണമെന്ന് പറഞ്ഞുകൊണ്ട് ക്രിസ്തു പിറവിയെടുത്ത ഈ ലോകമിന്ന് സ്വന്തം താൽപ്പര്യങ്ങൾക്ക് വേണ്ടി ആരെയും കൊല്ലാനും ചതിക്കാനും മടിയില്ലാത്ത ഒരുപറ്റം മനുഷ്യരും കൂടിയുള്ളതാണ്. ഇലന്തൂരിലെ നരബലിമുതൽ പ്രണയ കൊലപാതകം വരെ നീണ്ടുക്കിടക്കുന്നു മനുഷ്യരുടെ സ്വാർത്ഥതയുടെയും ദുരാഗ്രഹത്തിന്റെയും പട്ടിക. താനും തന്റെ ദുരാഗ്രഹങ്ങളും എന്നതിൽ മാത്രം ജീവിതം ഒതുങ്ങിപോകുന്നു. അവിടെ സമാധാനത്തിന്റെ ക്രിസ്തുമസ് സന്ദേശമെന്നതിനു പ്രധാന്യമില്ല . സമാധാന സന്ദേശം ഓതുന്ന ഓരോ ക്രിസ്തുമസും അവധിദിനങ്ങളുടെ ആഘോഷം മാത്രമായി മാറുമ്പോൾ അർഹമായ പ്രാധാന്യമതിന് കൽപ്പിക്കപ്പെടുന്നില്ല എന്നത് സങ്കടകരമാണ്. ക്ഷണികമായ സുഖത്തിനു പുറകെ ഓടുന്ന മനുഷ്യർക്ക് ഉൽപ്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും ലാഭനഷ്ടകണക്കുകൾ മാത്രമേ കാണാൻ സാധിക്കൂ.

അനുവദിക്കപ്പെട്ട ചുറ്റുപാടുകളുടെ സ്വാതന്ത്ര്യത്തിൽ മനുഷ്യനിന്നും സംതൃപ്തനല്ല. നിലവിലുള്ള സൗഭാഗ്യങ്ങളോട് കലഹിച്ചു കൊണ്ടിരിക്കുയാണ് മനുഷ്യൻ. പലതിനോടുമുള്ള നിഷേധാത്മകമായ മനോഭാവവും വെട്ടിപ്പിടിച്ച് സമ്പന്നനാകാനുള്ള കൂർമ്മ ബുദ്ധിയും ഈ ആധുനിക സംസ്കാരത്തിന്റെ ശാപമാണ്. സമാധാനത്തിന്റെയും സംതൃപ്തിയുടെയും സന്ദേശമാണ് ഓരോ ക്രിസ്തുമസും പങ്കുവയ്ക്കുന്നത്. നശിപ്പിച്ചും വെട്ടിപ്പിടിച്ചും നേടിയെടുക്കുന്ന സമ്പാദ്യങ്ങൾ ചിതയോളം അനുഗമിക്കില്ലെന്നറിഞ്ഞിട്ടും അസംതൃപ്തിയെ ശമിപ്പിക്കാൻ അപരന്റെ വീട്ടിലെ അന്നം മോഹിക്കുന്നവർ ക്കു ഈ ക്രിസ്തുമസ് ഒരു തിരിച്ചറിവിന്റേതാകണം.

കണ്ണഞ്ചിപ്പിക്കുന്ന നക്ഷത്രങ്ങളും അലങ്കാരവസ്തുക്കളും റെഡി മെയ്ഡ് പുൽക്കൂടുകളുമൊക്കെയായി ക്രിസ്തുമസ് വിപണി ഒരുങ്ങിക്കഴിഞ്ഞു. ഇതൊക്കെ ക്രിസ്തുമസിന്റെ ബാഹ്യമോടികളാണ്. ക്രിസ്തുമസിന്റെ ആന്തരികത, സമാധാനവും സംതൃപ്തിയുമല്ലാതെ മറ്റൊന്നുമല്ല. പുൽക്കൂടിന്റെ ഇല്ലായ്മകളിലും സംതൃപ്തനായി, എല്ലാവർക്കും സമാധാനത്തിന്റെ നവസുവിശേഷം നേർന്ന ക്രിസ്തുഭാഷ്യം സ്വായത്തമാക്കേണ്ടി ഇരിക്കുന്നു . സ്വാർത്ഥയില്ലാത്ത സംതൃപ്തിയും സമാധാനവും നിറഞ്ഞ നല്ല കാലത്തിന്റെ സുകൃതം ഇനിയും അകലെയാകാതിരിക്കണം.

-എഡിറ്റർ-

# സാന്താക്ലോസ് ചരിത്രവഴികൾ

**പി.വി മേഘ**

ഡിസംബർ മാസത്തിലെ തണുപ്പിൽ കുടവയറും പഞ്ഞിപോലുള്ള താടിയുമായി ചുവപ്പുകുപ്പായവുമണിഞ്ഞ് ക്രിസ്തുമസിന്റെ വരവ റിയിക്കുന്ന ആളാണ് സാന്താക്ലോസ്. വീടുകൾതോറുംചെന്ന് കുരുന്നുകൾക്ക് സമ്മാനപൊതികൾ നൽകുന്ന സാന്ത ഇനി വരുന്ന നാളുകളുടെ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും പ്രതീകമാണ്. പല നാടുകളിൽ പല പേരുകളിൽ അറിയപ്പെടുന്ന സാന്താക്ലോസ് ലോകമ്പൊടുമുള്ള ജനങ്ങൾക്ക് ഒരു പോലെ പ്രിയങ്കരനാണ്. ക്രിസ്തുമസ് രാവിൽ സമ്മാനങ്ങളുമായി വരുന്ന സാന്തയെ കുട്ടികൾ ഏറെ ആകാംക്ഷയോടെയാണ് കാത്തിരിക്കുന്നത്. ക്രിസ്തുമസ് പോലെതന്നെ രസകരവും ആകർഷണീയവുമാണ് സാന്താക്ലോസിന്റെ ചരിത്രവും.

തുർക്കിയിലെ മിറയിൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബിഷപ്പായിരുന്നു സെയ്ന്റ് നിക്കോളസ്. ഉദാരമനസ്കനായ നിക്കോളസ് മറ്റുള്ളവരെ സഹായിക്കുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തിയിരുന്നു. പെൺകുട്ടികളെ കല്ല്യാണം കഴിപ്പിച്ചുവിടുന്നതിനായി ഇദ്ദേഹം സ്വർണം ദാനം ചെയ്തിരുന്നു. ഇത്തരത്തിലുള്ള സൽപ്രവർത്തികൾക്കുപരി അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കാനുള്ള കഴിവും നിക്കോളാസിനുണ്ടെന്നു ജനം വിശ്വസിച്ചു. മരണമടഞ്ഞ കുഞ്ഞുങ്ങളെ പുനർജീവിപ്പിച്ച കഥകൾ ഐതിഹ്യങ്ങളായി ഇന്നും ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നു. ഈ പുണ്യപ്രവർത്തിയുടെ ഫലമായി യുറോപ്പിലെ പല രാജ്യങ്ങളിലും നിക്കോളസ് പ്രശസ്തനായി. ബ്രട്ടീഷുകാരുടെ ഇടയിൽ ഇദ്ദേഹം ഫാദർ ക്രിസ്തുമസ് എന്നും, ഡച്ചുകാരുടെ ഇടയിൽ സിന്റർക്ലാസ് എന്നും അറിയപ്പെടുന്നു.



*വി. നിക്കോളാസ്*

ഡച്ചുകാർ വടക്കേ അമേരിക്കയിലേക്ക് കുടിയേറിയതിന്റെ ഭാഗമായി സിന്റർക്ലാസിന്റെ ചരിത്രവും കഥകളും അമേരിക്കയിലുമെത്തി. ഈ സിന്റർക്ലാസാണ് പിന്നീട് അമേരിക്കയിൽ വച്ച് ലോകമെമ്പാടുമറിയപ്പെടുന്ന സാന്താക്ലോസായി മാറുന്നത്. തോമസ് നാസ്റ്റ് എന്ന അമേരിക്കൻ കാർട്ടൂണിസ്റ്റ് ഹാർപേഴ്സ് വീക്കിലിയ്ക്കു വേണ്ടി 1863ൽ വരച്ചതാണ് സാന്തയെ. അതിന് നാസ്റ്റിനെ സഹായിച്ചതാകട്ടെ 1800ൽ എഴുതപ്പെട്ട എ വിസിറ്റ് ഫ്രം സെയ്ന്റ് നിക്കോളാസ് എന്ന കവിതയും. പിന്നീട് 1931ൽ പുറത്തിറങ്ങിയ കൊക്കകോളയുടെ പരസ്യങ്ങളിലൂടെയാണ് സാന്താക്ലോസിന്റെ ഈ പുതിയ രൂപം ലോകം മുഴുവൻ പ്രശസ്തമാകുന്നത്. കൊക്കകോളയുടെ പരസ്യത്തിനായി സാന്തയുടെ ചിത്രം വരച്ചത് ഹഡൻ സൻഡ്ബ്ലൂ ആണ്. ഇദ്ദേഹം വരച്ച സാന്തയുടെ മുഖം മനുഷ്യനു സമാനമായിരുന്നു. തുടുത്ത കവിളും വെള്ള താടിയും തിളങ്ങുന്ന കണ്ണുമുള്ള സാന്ത കൊക്ക കോളയുടെ പരസ്യത്തിലൂടെ ജനത്തിനു മുന്നിൽ പ്രത്യക്ഷനായി.

നോർദിക്ക് രാജ്യങ്ങളിൽ വികൃതി കുട്ടികളെ ശിക്ഷിക്കുകയും നല്ല കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യ്തിരുന്ന ഒരു മാന്ത്രികന്റെ കഥ പ്രശസ്തമാണ്. ഈ ഒരു ചരിത്രം സെയ്ന്റ് നിക്കോളസുമായിക്കൂടി ചേരുമ്പോഴാണ് ഇന്നത്തെ സാന്താക്ലോസ് പിറവിയെടുക്കുന്നത്. ഉത്തരധ്രുവത്തിൽ ഭാര്യയുമായി ജീവിക്കുന്ന സാന്താക്ലോസ് കുട്ടികൾക്ക് വർഷം തോറും കളിപ്പാട്ടം ഉണ്ടാക്കികൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു. അതിന് സാന്തയെ സഹായിച്ചിരുന്നതാകട്ടെ കുട്ടികളുടെ വലിപ്പം മാത്രമുള്ള കുറി യ മനുഷ്യരും. എന്നും റയിൻഡിയറുകളെ പൂട്ടിയ, ആകാശത്തൂടെ പറക്കുന്ന വണ്ടിയിൽ നിറയെ സമ്മാനപൊതിയുമായി ഹോ ഹോ ഹോ എന്ന് പൊട്ടിചിരിച്ചുകൊണ്ട് ക്രിസ്തുമസ് രാവുകൾക്ക് ആവേശം പകരാൻ സാന്താക്ലോസ് എത്തിച്ചേരുന്നു. വീടുകളിലെ ചിമ്മിനികളിലൂടെ കയറിയിറങ്ങി സാന്ത സമ്മാനപൊതികൾ കുട്ടികൾക്കായി വച്ച് പോകുന്നു.

കരോൾ ഗാനത്തിന്റെ അകമ്പടിയോടെ ഇന്നും വീടുകൾ തോറും കയറുന്ന സാന്ത മതേതരത്വത്തെ പ്രതിനിധാനം ചെയ്യുന്നു. സമ്മാനങ്ങൾ നൽകുന്നതിലൂടെ പരസ്പരം സ്നേഹവും ഒത്തൊരുമയും വേണമെന്നുള്ള യേശുക്രിസ്തുവിന്റെ സന്ദേശവും കൂടിയാണ് ഓരോ ക്രിസ്തുമസ് രാവിലും സാന്ത കൈമാറുന്നത്. ചെറിയ മനുഷ്യർക്കുപോലും ഈ ലോകത്ത് തുല്യ പ്രധാന്യം അർഹിക്കുന്ന സൂചനയാണ് സാന്താക്ലോസിന്റെ കുറിയ മനുഷ്യർ. കുട്ടികൾക്ക് സമ്മാനം നൽകുന്നതിലൂടെ കുട്ടികൾക്കുണ്ടാകുന്ന സന്തോഷം ആണ് നാളെയുടെ ഐശ്വര്യം എന്ന് സാന്ത പറഞ്ഞുവയ്ക്കുന്നു. മത ചിന്തകൾക്കപ്പുറം മനുഷ്യർ സമാധാനപൂർവ്വം പരസ്പരം കരുതി ജീവിക്കുന്നിടത്താണ് സാന്താക്ലോസിന്റെ ചരിത്രമടങ്ങിയിരിക്കുന്നത്. ആഘോഷത്തിനുപുറമെ ചിന്തിക്കാൻ കൂടിയുള്ള അവസരമാണ് ഓരോ ക്രിസ്തുമസ് കാലഘട്ടത്തിലേയും സാന്താക്ലോസിന്റെ വരവ്.

# ക്രിസ്തുമസ് രുചി

**ജിസ്ന ഷിഫ**

സാന്താക്ലോസും സ്റ്റാറും പുൽക്കൂടുമെല്ലാം പോലെ ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്ന ചിലതുണ്ട് - അതെ, ക്രിസതുമസ് വിഭവങ്ങൾ. വൈൻ, കേക്ക്, നമ്മുടെ നാടൻ വട്ടയപ്പം തുടങ്ങി ക്രിസ്തുമസിന്റെ മാത്രം എന്ന് വിശേഷിപ്പിക്കുന്ന ഒരുപാട് രസക്കൂട്ടുകളുണ്ട് നമുക്കിടയിൽ. അവയിൽ ചിലത് നമ്മുടെ അടുക്കളയിൽ തന്നെ ഉണ്ട ാക്കിയാലോ?

പ്ലം- കേക്കുകളിലെ റാണി, അന്നും ഇന്നും എന്നും...

രുചിയിലും രൂപത്തിലും ഭാവത്തിലും വൈവിധ്യമാർന്ന ഒരുപാട് വ്യത്യസ്തതകളാർന്ന കേക്കുകൾ സുലഭമായിരിക്കുമ്പോഴും കൂട്ടത്തിൽ ഏറ്റവും പ്രിയം തന്നോടാണെന്ന് പ്ലം കേക്ക്!

**ആവശ്യമായ ചേരുവകൾ** :

1 . ഡ്രൈ ഫ്രൂട്സ് - 1 കപ്പ്
2 . ഓറഞ്ച് - രണ്ടെണ്ണം ( കുരു കളഞ്ഞു കൈകൊണ്ട് പിഴിഞ്ഞെടുത്ത 3 /4 കപ്പ് ജ്യൂസ് . തൊലി ചെറിയ കഷ്ണങ്ങളാക്കിയത് - അര ടീസ്പൂൺ )
3 . തേൻ - ഒരു ടീസ്പൂൺ
4 . പഞ്ചസാര ( കാരമലിന് വേണ്ടി ) - 1 /4 കപ്പ്
5 . മൈദ - 3 /4 കപ്പ്
6 . ഉപ്പ് - ഒരു നുള്ള്
7 . അപ്പക്കാരം - 1 /4 ടീസ്പൂൺ
8 . ബേക്കിംഗ് പൗഡർ - 1 /4 ടീസ്പൂൺ
9 . ജാതിക്ക പൊടിച്ചത് - ഒരു നുള്ള്
10 . ഗ്രാമ്പൂ പൊടിച്ചത് - ഒരു നുള്ള്
11 . കറുവപ്പട്ട പൊടിച്ചത് - 1 നുള്ള്
12 . അൺസൾട്ടഡ് ബട്ടർ - 50 ഗ്രാം
13 . ബ്രൗൺ ഷുഗർ / പഞ്ചസാര - 1 /3 കപ്പ്
14 . മുട്ട - രണ്ണെം
15 . വാനില എസ്സൻസ് - 1 /2 ടീസ്പൂൺ
16 . പൈൻആപ്പിൾ എസ്സൻസ് - 1 /4 ടീസ്പൂൺ
17 . പൈൻ ആപ്പിൾ ജാം - 1 ടേബിൾ സ്പൂൺ
18 . സൺഫ്ളവർ ഓയിൽ - 1 ടേബിൾ സ്പൂൺ



**ഉണ്ടാക്കുന്ന വിധം** :

ഡ്രൈ ഫ്രൂട്സ്, തേൻ, ഓറഞ്ച് ജ്യൂസ് എന്നിവ ചുവടുകട്ടിയുള്ള ഒരു പാത്രത്തിലിട്ട് ചെറി യ തീയിൽ ചേരുവകൾ സോഫ്റ്റ് ആകുന്നതുവരെ ചൂടാക്കുക. ഓറഞ്ച് ജ്യൂസ് വറ്റിയതിന് ശേഷം തീ ഓഫ് ചെയ്ത് ചൂടാറാൻ വേണ്ടി മാറ്റിവെക്കുക. മറ്റൊരു പാത്രത്തിൽ കാരമലൈസ് ചെയ്യുന്നതിനായി പഞ്ചസാര ഇട്ട് വളരെ ചെറിയ തീയിൽ ചൂടാക്കുക. 2 -3 മിനിറ്റുകൾക്ക് ശേഷം മെൽറ്റായ പഞ്ചസാരയിലേക്ക് 2 ടേബിൾ സ്പൂൺ തിളച്ച വെള്ളം ചേർത്തിളക്കി തീ ഓഫ് ചെയ്ത് ചൂടാറാനായി മാറ്റി വെക്കുക. 5 മുതൽ 11 വരെയുള്ള ചേരുവകൾ ഒരു പാത്രത്തിലേക്ക് അരിച്ചെടുത്തതിന് ശേഷം ഒരു വിസ്ക് വെച്ചു നന്നായി യോജിപ്പിക്കുക. ഇതിൽ നിന്ന് 2 ടേബിൾ സ്പൂൺ നേരത്തെ തയാറാക്കിവെച്ച ഡ്രൈ ഫ്രൂട്സിലേക്ക് ഇട്ട് നന്നായി യോജിപ്പിച്ചെടുക്കുക.( ഇങ്ങനെ ചെയ്താൽ കേക്ക് ബേക്ക് ചെയ്യുമ്പോൾ ഡ്രൈ ഫ്രൂട്സ് മുഴുവനായി കേക്കിന്റെ അടി വശത്തേക്ക് താഴ്ന്നുപോവില്ല).

മറ്റൊരു ബൗളിലേക്ക് ബട്ടർ ഇട്ട് അൽപ സമയം ബീറ്റ് ചെയ്ത് സോഫ്റ്റ് ആക്കി എടുക്കുക. അതിലേക്ക് പഞ്ചസാര അല്ലെങ്കിൽ ബ്രൗൺ ഷുഗർ ചേർത്തു ബീറ്റ് ചെയ്ത് പഞ്ചസാര അലിയിച്ചെടുക്കുക. അതിലേക്ക് മുട്ട ഓരോന്നായി ചേർത്തു നന്നായി ബീറ്റ് ചെയ്യുക. ശേഷം വാനില എസ്സൻസും പൈൻ ആപ്പിൾ എസ്സൻസും ചേർത്ത് ബീറ്റ് ചെയ്ത മിശ്രിതത്തിലേക്ക് നേരത്തെ തയാറാക്കിവെച്ച കാരമൽ നന്നായി ചൂടാറിയതിന് ശേഷം ചേർത്തു യോജിപ്പിച്ചെടുക്കുക. ഇതിലേക്ക് എടുത്തുവെച്ചിരിക്കുന്ന ഓറഞ്ചിന്റെ തൊലി ചേർത്തതിന് ശേഷം ഓയിൽ കൂടി ചേർത്ത് ഒന്ന് കൂടി ബീറ്റ് ചെയ്യുക. ഈ മിശ്രിതത്തിലേക്ക് നേരത്തെ അരിച്ചു വെച്ച പൊടികൾ അൽപാൽപമായി ചേർത്ത് വളരെ പതിയെ ഇളക്കുക. ശേഷം ഡ്രൈ ഫ്രൂട്സ് മുഴുവനായി ഇട്ട് കൊടുത്ത് യോജിപ്പിച്ച്, കഷണങ്ങളാക്കിയ അിപ്പരിപ്പ് കൂടി ഇട്ട് കൊടുക്കുക. ഇവയെല്ലാം നന്നായി യോജിപ്പിച്ചതിന് ശേഷം 6 ഇഞ്ച് അളവിലുള്ള കേക്ക് ടിന്നിൽ ബട്ടർ പേപ്പർ വിരിച്ച് കേക്ക് ബാറ്റർ മുഴുവനായി ഒഴിച്ച് കൊടുത്ത് പാത്രം നന്നായി ടാപ്പ് ചെയ്യുക. ബേക് ചെയ്യുന്നതിനായി 200 ഡിഗ്രി സെൽഷ്യസിൽ 10 മിനിറ്റ് പ്രീ ഹീറ്റ് ചെയ്ത അവനിൽ 160 ഡിഗ്രിയിൽ 40 -45 മിനിറ്റ് വെക്കുക. നിശ്ചിത സമയത്തിന് ശേഷം ഒരു ടൂത്ത് പിക്ക് കൊണ്ട് കുത്തി നോക്കി കേക്കിന്റെ വേവ് പരിശോധിക്കാവുന്നതാണ്. പ്ലം കേക്ക് ബേക് ചെയ്ത് ഒരു ദിവസത്തിന് ശേഷം കഴിക്കുന്നതായിരിക്കും ഉത്തമം.

**‘ഒരു വീട്ടമ്മ മാത്രമായിരിക്കെ മറ്റേതാഘോഷവും പോലെ ക്രിസ്തുമസും വളരെ ന്യൂട്രൽ ആയിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ഒരു ഹോം ബേക്കർ എന്ന നിലയിൽ ഡിസംബർ മാസം എനിക്കൊരാഘോഷമാണ് . ക്രിസ്തുമസ് കേക്കുകൾക്ക് വേണ്ടി ആൾക്കാർ എന്നെ സമീപിക്കുമ്പോൾ അവരുടെ ആഘോഷങ്ങളിൽ ഞാനും പങ്കുചേരുകയാണ്. ചെയ്യാൻ എനി ക്കേറ്റവും ഇഷ്ടപ്പെട്ടത് വരുമാന മാർഗമായി മാറ്റിയപ്പോൾ ആഘോഷിക്കുവാനുള്ള വേളകൾ ഒരുപാടായി. അത് തന്നെയാണ് എന്റെ സന്തോഷവും.’**

**– സഫൂറ ബാനു , ഹോം ബേക്കർ ( കേക്ക് ഒ സ്കൂപ്സ് ) –**

*For private circulation only*

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: പി.വി മേഘ | സബ് എഡിറ്റേഴ്സ്: ജോയ്സ് മേരി ജോർജ് , ജിസ്ന ഷിഫ, ജിനി ജോസഫ്, അക്ഷയ് തിലകൻ | ഫോട്ടോഗ്രാഫേഴ്സ്: അക്ഷയ് തിലകൻ, ജിസ്ന ഷിഫ, ജോയ്സ് മേരി ജോർജ് | ഡിസൈൻ: അനന്യ വി, പി.വി മേഘ